LIBRARY ARCHIVES Kerala Legislative Assembly

നവജാത ശിശുക്കൾക്ക് വാക്സിൻ നൽകാൻ സംവിധാനം

202(1960) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നവജാത ശിശുക്കളുടെ ആരോഗ്യം സംരക്ഷിക്കാൻ നിർബന്ധ വാക്സിനുകൾ നൽകുന്നുണ്ടോ :

(ബി) ഇത് കൃത്യമായ ഇടവേളകളിൽ നൽകാനായി മാതാപിതാക്കളെ ഓർമ്മിപ്പിക്കുന്ന ആട്ടോമാറ്റിക് എസ്.എം.എസ്. സേവനം സംസ്ഥാന കേന്ദ്രീകൃതമായി നൽകാൻ സാധിക്കുമോ :

(സി) എങ്കിൽ ഇത് നടപ്പിലാക്കുവാൻ എന്തെല്ലാം നടപടികൾ തദ്ദേശ സ്വയംഭരണ വകുപ്പ് സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

വയനാട് ജില്ലയിലെ വികസന പ്രവർത്തനങ്ങൾ

203(1961) ശ്രീ. പി. കൃഷ്ണപ്രസാദ് : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാരിന്റെ കാലത്ത് തദ്ദേശസ്വയംഭരണ വകുപ്പ് വയനാട് ജില്ലയിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

വിവരം ശേഖരിച്ചു നൽകുന്നതാണ്.

പാറശ്ശാലയിൽ പള്ളി പണിയാൻ അനുമതി

204(1962) ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാറശ്ശാല വില്ലേജിൽ റീ-സർവ്വേ നമ്പർ 572/9-1-ൽപ്പെട്ട സ്ഥലത്ത് ക്രിസ്ത്യൻ പള്ളി കെട്ടിട നിർമ്മാണത്തിന് 25-6-2009-ൽ നൽകിയ അപേക്ഷയിന്മേൽ 18-10-2010-ലെ ഡി4-5607/2009/ഡി.ഡിസ്. നമ്പർ പ്രകാരം പള്ളി പണിയുന്നതിന് ലേ ഔട്ട് അംഗീകാരം നൽകി മുഖ്യ നഗരാസൂത്രകൻ നൽകിയ ഉത്തരവിൽ മൂന്നാമത്തെ ഇനമായി കെട്ടിടാനുമതി നൽകുന്നതിന് മുമ്പ് പ്രസ്തുത സ്ഥലത്തിനോട് ചേർന്ന് കിടക്കുന്ന സ്ഥലങ്ങളുടെ ഉടമസ്ഥാവകാശം പരിശോധിച്ച് അപേക്ഷകന്റെ ഉടമസ്ഥതയിൽ ചേർന്നുകിടക്കുന്ന സ്ഥലങ്ങൾ ഇല്ലായെന്ന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ബോദ്ധ്യപ്പെട്ടിരിക്കണം എന്ന നിബന്ധന സർക്കാരിന്റെ ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് നിർദ്ദേശിച്ചതെന്നും വ്യക്തമാക്കുമോ :